## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.428 — 19-10-2011-ലെ മറുപടിക്ക്

# കേര ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. എം.എ. വാഹിദ്<br>,, ബെന്നി ബെഹനാൻ<br>,, കെ. ശിവദാസൻ നായർ<br>,, വി.റ്റി. ബൽറാം | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കേര ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) പ്രകൃതി ക്ഷോഭമോ, കീടരോഗബാധ മൂലമോ ഉണ്ടാകുന്ന തെങ്ങിന്റെ പൂർണ്ണ നാശം വഴി കർഷകനുണ്ടാകുന്ന നഷ്ടം സമയബന്ധിതമായി പരിഹരിക്കുക, തെങ്ങ് കൃഷിക്കുണ്ടാകുന്ന അപകടസാദ്ധ്യതകൾ കുറച്ച് നാളികേര പുതുകൃഷിയും, പുനരുദ്ധാരണവും പ്രോത്സാഹിപ്പിച്ച് നാളികേര കൃഷി ലാഭകരമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) | ഇതിനായി ഈ സാമ്പത്തിക വർഷം എത്രകോടി രൂപ കേന്ദ്രം നീക്കിവെച്ചിട്ടുണ്ടെന്ന് അറിയാമോ ; | (ബി) സംസ്ഥാന സർക്കാർ ഈ വർഷം 25 ലക്ഷം രൂപയും കേന്ദ്രസഹായമായി 100 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട്. |
| (സി) | ഇൻഷ്വറൻസ് പദ്ധതിയുടെ കേന്ദ്ര - സംസ്ഥാന പ്രീമിയം എത്ര രൂപ വീതമാണ്; | (സി) 4 മുതൽ 15 വർഷം വരെ പ്രായമുള്ള തെങ്ങൊന്നിന് ആകെ പ്രീമിയം തുക 4 രൂപ 69 പൈസയും . 16 മുതൽ 60 വർഷം വരെ പ്രായമുള്ള തെങ്ങൊന്നിന് പ്രീമിയം തുക 6 രൂപ 35 പൈസയുമാണ്. ഇതിൽ സംസ്ഥാന സർക്കാരിന്റെ പ്രീമിയം 1 രൂപ 17 പൈസയും 1 രൂപ 59 പൈസയും വീതമാണ്. ആകെ പ്രീമിയത്തിന്റെ 50% കേന്ദ്രവിഹിതമായി നാളികേര വികസന ബോർഡ് |

അടയ്ക്കുന്നതാണ്.

(ഡി) ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ?

(ഡി) ശരാശരി 30 തേങ്ങകളെങ്കിലും ഒരു വർഷം ലഭിക്കുന്നതും,4 മുതൽ 60 വർഷം വരെ പ്രായമുള്ള തെങ്ങുകളെയുമാണ് ഇൻഷ്വർ ചെയ്യുന്നത്. അപ്രകാരമുള്ള 10 തെങ്ങുകൾ എങ്കിലും ഉള്ള കർഷകർക്ക് ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യാം. ഒരേ തോട്ടത്തിൽ ഭാഗികമായി ഇൻഷ്വറൻസ് അനുവദിക്കുന്നതല്ല. തെങ്ങുകൾ ഇൻഷ്വർ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് അതാത് പ്രദേശത്തെ കൃഷിഭവനിൽ പ്രീമിയം അടച്ച് ഇൻഷ്വർ ചെയ്യാവുന്നതാണ്. 1 മുതൽ 15 വർഷം വരെ പ്രായമുള്ള തെങ്ങുകൾക്ക് 1 രൂപ 17 പൈസയും 16 മുതൽ 60 വർഷം വരെ പ്രായമുള്ള തെങ്ങുകൾക്ക് 1രൂപ 59 പൈസയും തെങ്ങൊന്നിന് കർഷകന്റെ വിഹിതമായി അടയ്ക്കേണ്ടതാണ്. ആകെ പ്രീമിയത്തിന്റെ 50% നാളികേര വികസന ബോർഡും 25% സംസ്ഥാന ഗവൺമെന്റും വഹിക്കുന്നതിനാലാണ് കർഷകന് മുകളിൽ പറഞ്ഞ പ്രകാരം കുറഞ്ഞ പ്രീമിയത്തിൽ ഇൻഷ്വർ ചെയ്യുവാൻ സാധിക്കുന്നത് 4 മുതൽ 15 വർഷം വരെ പ്രായമുള്ള തെങ്ങുകൾക്ക് ലഭിക്കുന്ന ഇൻഷ്വറൻസ് തുക തെങ്ങൊന്നിന് 600/- രൂപയും 16 വർഷം മുതൽ 60 വർഷം വരെ പ്രായമുള്ള തെങ്ങുകൾക്ക് 1150/- രൂപയും ആയിരിക്കും. ഇൻഷ്വറൻസ് പ്രീമിയം ഒടുക്കിയ ശേഷം 30 ദിവസം കഴിഞ്ഞു മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യം നിലവിൽ വരുകയുള്ളൂ. കൊടുങ്കാറ്റ്, കനത്ത മഴ, ഉരുൾപ്പൊട്ടൽ, മലയിടിച്ചിൽ, ഭൂമി കുലുക്കം, തീപിടുത്തം, കാട്ടുതീ, നിയന്ത്രണാതീതവും, വ്യാപകവുമായ, രോഗകീടബാധകൾ, വരൾച്ച, സുനാമി എന്നീ സാഹചര്യങ്ങൾ മൂലം ഉൽപ്പാദനയോഗ്യമല്ലാത്ത വിധം തെങ്ങുകൾക്ക് ഉണ്ടാകുന്ന പരിപൂർണ്ണ നഷ്ടത്തിനോ,ഉൽപ്പാദനക്ഷമമല്ലാതാകുന്നതിനോ ആണ് നഷ്ടപരിഹാരം നൽകുന്നത്. ബോധപൂർവ്വമുള്ള നശിപ്പിക്കൽ, കോടതി സർക്കാർ മറ്റ് അധികാര സ്ഥാപനങ്ങൾ മുതലായവയുടെ ഉത്തരവുകൾ, നടപടികൾ, പ്രകാരമുള്ള വെട്ടിനീക്കൽ, മനുഷ്യർ,

പക്ഷികൾ, മൃഗങ്ങൾ എന്നിവ മൂലമുണ്ടാകുന്ന നഷ്ടങ്ങൾ, ശരിയാംവണ്ണം വൃക്ഷത്തിനെ സംരക്ഷിക്കാതിരിക്കൽ വൃക്ഷത്തിന്റെ ആരോഗ്യം ക്ഷയിക്കുകയും, പ്രായമായതു മൂലം ഉൽപ്പാദനക്ഷമമല്ലാതാകൽ എന്നീ ഘടകങ്ങൾ മൂലമുള്ള നഷ്ടത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയില്ല.

സെക്ഷൻ ഓഫീസർ